## ദുർവ്യാധി മാറുന്നതിനുള്ള പ്രാർത്ഥന

കാരുണ്യവാനും മനുഷ്യസ്നേഹമുള്ളവനുമായ ദൈവമായ കർത്താവേ, ഭയഭക്തിയോടെ നിന്റെ സന്നിധിയിൽ നിൽക്കുവാനും, പ്രകാശത്തോടും വിശുദ്ധിയോടും കൂടെ നിന്നെ ശുശ്രൂഷിപ്പാനും, തിരുവിഷ്ടപ്രകാരം നിന്നെ പ്രസാദിപ്പിപ്പാനും ഞങ്ങളെ യോഗ്യരാക്കേണമേ. വിശേഷാൽ, തിരുമുമ്പാകെ ഞങ്ങൾ തലകൾ വണങ്ങിയിരിക്കുന്ന ഈ സമയം ദുഃഖത്തോടും അനുതാപത്തോടും കൂടി നിന്നോട് അപേക്ഷിക്കുന്നു. ദൈവമേ നീ ഞങ്ങൾക്ക് ദാനമായി നൽകിയിട്ടുള്ള ഈ പ്രപഞ്ചത്തെയും അതിലുള്ള സകല ജീവജാലങ്ങളെയും അതിന്റെ ശുശ്രൂഷയ്ക്കായി നീ മെനഞ്ഞുണ്ടാക്കിയ നിന്റെ കൈവേലയായ മനുഷ്യനെയും ഇതാ ഒരു മഹാമാരി ബാധിച്ചിരിക്കുന്നു. പ്രായഭേദമെന്യേ ഞങ്ങളുടെ പ്രിയപ്പെട്ടവരുടെ ജീവൻ അപഹരിക്കപ്പെട്ടിരിക്കുന്നു. എങ്ങും കരച്ചിലും മഹാവിലാപവും മാത്രം കേൾക്കപ്പെടുന്നു. ആകയാൽ കാരുണ്യവാനായ ദൈവമേ, ഇവയിൽ നിന്ന് വിടുവിച്ച് ഞങ്ങളെ യഥാസ്ഥാനപ്പെടുത്തണമേ. നല്ല ഇടയനായ കർത്താവേ, ഞങ്ങളുടെ ആവലാതി കേൾക്കേണമേ. വിളിപ്പിൻ ഞാൻ ഉത്തരമരുളുമെന്നും, മുട്ടുവിൻ ഞാൻ തുറന്നു തരുമെന്നും, അന്വേഷിപ്പിൻ നിങ്ങൾ കണ്ടെത്തുമെന്നും നീ കല്പിച്ചിരിക്കുന്നതിനാൽ ഞങ്ങളുടെ നമസ്കാരങ്ങൾക്കും അപേക്ഷകൾക്കും കണ്ണുനീരുകൾക്കും നിന്റെ കരുണയുടെ വാതിൽ ഇപ്പോൾ തുറന്നു നൽകേണമേ. ഞങ്ങളിൽ ഹൃദയ വേദനയിലും മനോവ്യസനത്തിലും ഇരിക്കുന്നവരെ നീ ആശ്വസിപ്പിക്കേണമേ. രോഗികളായി ആതുരാലയങ്ങളിലും ഭവനങ്ങളിലും കഴിയുന്നവരെ നീ തൊട്ട് സൗഖ്യമാക്കേണമേ. മുറിവേറ്റിരിക്കുന്നവരെ പരിപാലിക്കുന്ന ആരോഗ്യപ്രവർത്തകരെയും മറ്റു കൈത്താങ്ങലുകളാൽ സമൂഹത്തെ ഒരുമിച്ചു നിർത്തുന്ന നല്ല മനസ്സുകളെയും നീ അനുഗ്രഹിക്കേണമേ. അവരുടെ അദ്ധ്വാനങ്ങൾക്കും ബുദ്ധിമുട്ടിനും തക്കതായ പ്രതിഫലം നീ നൽകേണമേ. പ്രതിരോധ മരുന്നുകൾ സൃഷ്ടിക്കുന്ന യത്നങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരെ നീ വഴി നടത്തി അനുയോജ്യമായ കണ്ടെത്തലുകളിലേക്ക് നയിക്കേണമേ. സർവ്വാധിപതിയായ ദൈവമേ, ഈ അടിയന്തരമായ കാലത്ത് ഞങ്ങളുടെ ഭരണാധികാരികൾക്ക് വിവേകവും കാര്യപ്രാപ്തിയും നൽകേണമേ. അവരുടെ നിർദ്ദേശങ്ങളെ യഥാസമയം അനുസരിക്കുവാനുള്ള ഒരു ഹൃദയം ഞങ്ങൾക്ക് ഓരോരുത്തർക്കും പ്രദാനം ചെയ്യേണമേ. കർത്താവേ, സഭയുടെ പ്രജകളെ നീ പരിപാലിക്കുകയും അതിന്റെ ഭിത്തികളെ ബലപ്പെടുത്തുകയും ചെയ്യേണമേ. സമൂഹത്തെ സ്നേഹിക്കുവാനും ഞങ്ങളുടെ വിളിക്ക് അനുസൃതമായി ക്രിസ്തീയ ചുമതലകൾ നിർവ്വഹിക്കുവാനുമുള്ള ക്രിസ്തുമനസ് നിന്റെ അനുയായികളായ ഞങ്ങൾക്ക് ദാനം നൽകേണമേ. 'ചിലർ രഥങ്ങളിലും ചിലർ കുതിരകളിലും ആശ്രയിക്കുന്നു, ഞങ്ങളോ ഞങ്ങളുടെ ദൈവമായ യഹോവയിൽ ആശ്രയിക്കും' എന്ന് സങ്കീർത്തനക്കാരനോടൊപ്പം ചേർന്ന് പാടുവാനും നിന്നിൽ ആശ്രയിപ്പാനും ഞങ്ങൾക്ക് സംഗതിയാകണമേ. ഞങ്ങളുടെ

പാപങ്ങൾ അസംഖ്യമെങ്കിലും നീ അല്ലാതെ ഞങ്ങൾക്ക് ആശ്രയിപ്പാൻ മറ്റാരും ഇല്ല. കരുണയോടെ ഞങ്ങളെ തൃക്കൺ പാർത്ത് ഞങ്ങളെയും ഞങ്ങൾക്കുള്ള സകലത്തെയും നിന്റെ സ്ലീബായാൽ അവിടുന്ന് മറച്ചുകൊള്ളണമേ. ഞങ്ങൾ ഒന്നിനെക്കുറിച്ചും വിചാരപ്പെടാതെ എല്ലാത്തിലും പ്രാർത്ഥനയാലും അപേക്ഷയാലും ഞങ്ങളുടെ ആവശ്യങ്ങൾ സ്ത്രോതത്തോടെകൂടെ നിന്റെ സന്നിധിയിൽ കരേറ്റുമാറാകണമേ. ഈ കഠിനമായ അവസ്ഥയിൽ നിന്ന് വിടുവിക്കപ്പെട്ട് നിന്നെ മഹത്വപ്പെടുത്തുവാൻ ഞങ്ങൾക്ക് ഇടയാക്കണമേ. ഞങ്ങൾ എല്ലാവരും പിതാവും പുത്രനും പരിശുദ്ധറൂഹായുമാകുന്ന നിന്നെ എന്നേക്കും സ്തുതിച്ചു പുകഴ്ത്തുമാറാകേണമേ. ആമ്മീൻ.

**തയ്യാറാക്കിയത്: ഡീ. അലക്സ് പി. മാത്യു (ബോംബെ ഭദ്രാസനം)**

https://t.me/moscprayerbooks